**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2472** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. സിദ്ദീഖ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. ടി. സിദ്ദീഖ് (മുഖ്യമന്ത്രി)

**(എ)** കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ എത്ര ഉദ്യോഗസ്ഥരാണ് നിലവിലുള്ളത്; പ്രസ്തുത വകുപ്പിൽ നിലവിൽ അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിൽ എത്ര ഒഴിവുകൾ ആണ് നിലവിലുള്ളത്; ഈ തസ്തികയിൽ ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് നികത്താത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സ്റ്റേറ്റ് ടാക്സ് ഓഫീസർ / അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിൽ 547 ഉദ്യോഗസ്ഥരാണ് നിലവിലുള്ളത്. സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയുടെ ഹയർ ഗ്രേഡ് തസ്തികയായ അസിസ്റ്റന്റ് കമ്മീഷണർ തസ്തികയുടെ ആകെ എണ്ണം 139 ആണ്. ഇതിൽ 7 പേർ ഹയർ ഗ്രേഡിൽ തുടരുന്നു. ഇവരിൽ 5 പേർ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ ആയി അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിൽ നിയമിതരായവരാണ്. അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിൽ 132 ഒഴിവുകൾ നിലവിലുണ്ട്. സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ 2017 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട് തർക്കത്തിലായിരുന്നതിനാൽ അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിലേക്ക് ഗ്രേഡ് പ്രൊമോഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** ആകെയുള്ള സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയുടെ 25 ശതമാനം അസിസ്റ്റന്റ് കമ്മീഷണർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ആയി പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് കൊണ്ട് പ്രസ്തുത 25 ശതമാനം ഉദ്യോഗസ്ഥർക്ക് അസിസ്റ്റന്റ് കമ്മീഷണർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടില്ല എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയുടെ 25 ശതമാനം ഹയർ ഗ്രേഡ് ആയിരിക്കും എന്ന് G.O.(P)No.27/2021/Fin dated 10/02/2021 (pay revision order) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ടാക്സ് ഓഫീസർ (ഹയർ ഗ്രേഡ്) തസ്തികയുടെ പേര് ശമ്പളത്തിലും അലവൻസുകളിലും / ശമ്പള സ്കെയിലിലും മാറ്റമില്ലാതെ അസിസ്റ്റന്റ് കമ്മീഷണർ എന്ന് G.O.(Ms)No.27/2020/TAXES dated 10/03/2020 പ്രകാരം പുനർനാമകരണം ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ 2017 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട് തർക്കത്തിലായിരുന്നതിനാൽ അസിസ്റ്റന്റ് കമ്മീഷണർ

തസ്തികയിലേക്ക് ഗ്രേഡ് പ്രൊമോഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** പ്രസ്തുത വകുപ്പിൽ എത്ര ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്; പ്രസ്തുത ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 19 ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഒഴിവുകളാണ് നിലവിലുള്ളത്. സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ 2017 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് തർക്കത്തിലായിരുന്നതിനാൽ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ കഴിഞ്ഞിട്ടില്ല. ആയത് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** പ്രസ്തുത വകുപ്പിൽ നേരിട്ട് നിയമനം ലഭിച്ച സ്റ്റേറ്റ് ടാക്സ് ഓഫീസർമാരും സ്ഥാനക്കയറ്റം മുഖേന നിയമനം ലഭിച്ച സ്റ്റേറ്റ് ടാക്സ് ഓഫീസർമാരും തമ്മിലുള്ള സീനിയോറിറ്റി സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 01.01.2026-ലെ O.A. No. 653/2022 വിധി നടപ്പിലാക്കുന്നതിൽ നിയമതടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നിയമ തടസ്സങ്ങളൊന്നുമില്ല. സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 01.01.2026-ലെ O.A. No. 653/2022 വിധി നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**